**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2436      12.02.2020-ലെ മറുപടിയ്ക്ക്

## <u>നിലമ്പൂർ മിനിസ്റ്റേഡിയം</u>

<table>
<tr><td colspan="2">ചോദ്യം</td><td colspan="2">മറുപടി</td></tr>
<tr><td colspan="2">ശ്രീ.പി.വി.അൻവർ</td><td colspan="2">ശ്രീ.ഇ.പി.ജയരാജൻ<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി</td></tr>
<tr><td>(എ)</td><td>കായിക വകുപ്പിനുകീഴിൽ നിർമ്മാണം പുരോഗമിക്കുന്ന നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിന്റെ പദ്ധതി പൂർത്തീകരണത്തിന് ശേഷമുള്ള ആവർത്തന പരിപാലന ചെലവുകൾ കണ്ടെത്തുന്നതിന് എന്ത് ക്രമീകരണമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർമ്മാണത്തിനും നടത്തിപ്പിനും, പരിപാലനത്തിനുമായി സ്ഥലം ഉടസ്ഥരും കായികയുവജനകാര്യാലയവും ചേർന്ന് ധാരണാപത്രത്തിൽ ഏർപ്പെടുകയും പ്രസ്തുത ധാരണാപത്രപ്രകാരം സ്റ്റേഡിയത്തിന്റെ നടത്തിപ്പിനായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്.<br><table>
<tr><td>ബഹു.എം..എൽ.എ (നിലമ്പൂർ)</td><td>-</td><td>രക്ഷാധികാരി</td></tr>
<tr><td>പഞ്ചായത്ത് പ്രസിഡന്റ്</td><td>-</td><td>ചെയർമാൻ</td></tr>
<tr><td>സ്ഥലത്തിന്റെ ഉടമസ്ഥൻ/ പ്രതിനിധി</td><td>-</td><td>വൈസ് ചെയർമാൻ</td></tr>
<tr><td>പ്രസിഡന്റ്, ജില്ലാ സ്പോർട്സ് കൗൺസിൽ</td><td></td><td>വൈസ് ചെയർമാൻ</td></tr>
<tr><td>സ്ഥലം ഉടമ നിർദ്ദേശിക്കുന്ന ഒരു അംഗം</td><td>-</td><td>സെക്രട്ടറി</td></tr>
<tr><td>സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ</td><td>-</td><td>മെമ്പർ</td></tr>
</table></td></tr>
<tr><td>(ബി)</td><td>വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഉഭയകക്ഷി കരാർ പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിരിക്കേ സ്റ്റേഡിയം നടത്തിപ്പിന് രൂപീകരിക്കേണ്ട സമിതിയുടെ ഘടന വ്യക്തമാക്കാമോ;</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന ഒരു അംഗം</td><td>-</td><td>മെമ്പർ</td></tr>
<tr><td>കായികയുവജനകാര്യ ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു അംഗം</td><td>-</td><td>മെമ്പർ</td></tr>
<tr><td>ജില്ലാ സ്പോർട്സ് കൗൺസിൽ നിർദ്ദേശിക്കുന്ന ഒരു അംഗം</td><td>-</td><td>മെമ്പർ</td></tr>
<tr><td>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർദ്ദേശിക്കുന്ന ദേശീയ/സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ഒരു കായിക താരം</td><td>-</td><td>മെമ്പർ</td></tr>
<tr><td>സ്റ്റേഷൻ ഹൗസ് ഓഫീസർ</td><td>-</td><td>മെമ്പർ</td></tr>
</table>
സ്റ്റേഡിയം നടത്തിപ്പിന്റെയും, പരിപാലനത്തിന്റെയും ചുമതല ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിക്കാണ്. സ്റ്റേഡിയം പ്രവർത്തിക്കുന്നതിൽ നിന്ന് ലഭിക്കുന്ന വരുമാനം സ്റ്റേഡിയത്തിന്റെ ആവർത്തന ചെലവുകൾക്കായി മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്ന് ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിലെ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ടെണ്ടർ വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td>
<td>(സി)</td>
<td>നിലമ്പൂർ മിനി സ്റ്റേഡിയത്തിലെ 4.71 കോടി രൂപ അടങ്കൽ തുക വരുന്ന 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ